# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 മേയ് 22

# വാർത്താക്കുറിപ്പ്

---

## എം.ജി. ബിരുദ ഏകജാലകം: സ്‌പോർട്‌സ് ക്വാട്ട പ്രവേശനം ഇന്നു മുതൽ (മെയ് 23)

എം.ജി. സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ വിവിധ യു.ജി. പ്രോഗ്രാമുകളിലേക്ക് സ്‌പോർട്‌സ് ക്വാട്ടയിലേക്ക് അപേക്ഷിച്ചിട്ടുള്ളവർ ഇന്ന് (മെയ് 23) മുതൽ മെയ് 25ന് വൈകീട്ട് നാലിന് മുമ്പായി ഓപ്ഷൻ നൽകിയിട്ടുള്ള എതെങ്കിലും ഒരു കോളേജിൽ സർട്ടിഫിക്കറ്റുകളുടെ അസലും അപേക്ഷയുടെ പ്രിന്റ് ഔട്ടുമായി സർട്ടിഫിക്കറ്റ് പരിശോധനക്ക ഹാജരാകണം. മെയ് 25ന് വൈകീട്ട് അഞ്ചിന് മുമ്പായി ഹാജരാവാത്തവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

(പി.ആർ.ഒ./39/905/2019)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എ. മൾട്ടിമീഡിയ/സിനിമ ആന്റ് ടെലിവിഷൻ/ആനിമേഷൻ/ഗ്രാഫിക് ഡിസൈൻ (2017 അഡ്മിഷൻ റുഗലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്‌സി ചാൻസ് - സി.എസ്.എസ്.) പരീക്ഷകളുടെ പ്രാക്ടിക്കൽ മെയ് 27ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/906/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (2017 അഡ്മിഷൻ റഗുലർ, 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ വൈവാവോസി ജൂൺ മൂന്നുമുതൽ മൂവാറ്റുപുഴ നിർമ്മല കോളേജിൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/907/2019)

നാലാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (2016 അഡ്മിഷൻ റഗുലർ, 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ - അദാലത്ത് സ്‌പെഷൽ മേഴ്‌സി ചാൻസ് 2018) പ്രൈവറ്റ് ഡിഗ്രി ഫെബ്രുവരി/മാർച്ച് 2019 പരീക്ഷയുടെ വൈവാവോസി ജൂൺ 11, 12 തീയതികളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/908/2019)

## ആർ.എൽ.വി. കോളേജിൽ ബി.എ., ബി.എഫ്.എ. പ്രവേശനം; മെയ് 29 വരെ അപേക്ഷിക്കാം

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്‌സിൽ ബി.എ. കോഴ്‌സുകൾക്ക് അപേക്ഷിക്കാം. ബി.എ. വോക്കൽ, വീണ, വയലിൻ, മൃദംഗം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി വേഷം, കഥകളി സംഗീതം, കഥകളി ചെണ്ട, കഥകളി മദ്ദളം, ബി.എഫ്.എ. (നാല് വർഷം), പെയിന്റിംഗ്, അപ്ലൈഡ് ആർട്ട് ആന്റ് സ്‌കൾപ്ചർ കോഴ്‌സുകൾക്കാണ് അപേക്ഷിക്കാവുന്നത്. മെയ് 29 വരെ അപേക്ഷ നൽകാം. അഭിരുചി പരീക്ഷയുടെയും ഇന്റർവ്യുവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. ബി.എഫ്.എ.യ്ക്ക് മാത്രമാണ് ഇന്റർവ്യൂ ഉള്ളത്. പ്രവേശന പരീക്ഷ ജൂൺ 10 മുതൽ 12 വരെ നടക്കും. ബി.എഫ്.എ.യ്ക്കുള്ള ഇന്റർവ്യൂ ജൂൺ 14ന് നടക്കും. ബി.എ.യുടെ റാങ്ക് പട്ടിക ജൂൺ 14നും ബി.എഫ്.എയുടേത്

15നം പ്രസിദ്ധീകരിക്കും. ജൂൺ 24ന് ക്ലാസുകൾ തുടങ്ങും. ഹയർ സെക്കൻഡറി/പ്ലസ്ടു/തത്തുല്യ പരീക്ഷ ജയമാണ് യോഗ്യത. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/909/2019)

## എൽ.എൽ.ബി. സൂക്ഷ്മപരിശോധന

2018 ഒക്ടോബറിൽ നടന്ന ആറാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ അസൽ തിരിച്ചറിയൽ രേഖയുമായി മെയ് 24, 25 തീയതികളിൽ സർവകലാശാല ഓഫീസിൽ ഹാജരാകണം.

(പി.ആർ.ഒ./39/910/2019)

## പരീക്ഷഫലം

2019 മാർച്ചിൽ ഐ.ഐ.ആർ.ബി.എസ് നടത്തിയ ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/911/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ